# SSMHS AZHIKODE

# DIGITAL MAGAZINE 2019 -20



# LK/23016/2018




DIGITAL MAGAZINE

LITTLE KITES
SSMHS AZHIKODE
23016


കളിയിൽ അല്പം കാര്യം

# TABLE OF CONTENT

- EVENTS OF 2019
- WRITE UPS
- ART GALLERY
- VIDHYARANGAM
- PHOTOS


tupi
ROBOTICS



# സീതിസാഹിബ്

## കേരളത്തിൻെറ നിയമസഭാ സ്പീക്കർ മികച്ച പ്രാസംഗികൻ

അദ്ദേഹത്തിൻെറ സ്മരണയ്ക്കു മുമ്പിൽ നമിക്കുന്നു



# പ്രധാന അദ്ധ്യാപിക

## മധ ു.കെ.എസ്സ്


2019 STARS GALLERY

# MANAGEMENT COMMITEE



# STAFF





PTA

# ഈറനണിഞ്ഞ പൂക്കൾ

രാത്രിയിൽ വിരിയുന്ന ഈറനണിയുന്ന
പല നിറങ്ങളുള്ള പൂക്കൾ
എത്ര ഭംഗിയിരു കാണ്മാൻ കണ്ണിന്
കുളിര്മയയകുമി പൂക്കൾ
മഞ്ഞു തുള്ളികൾ ഇറ്റിറ്റു വീഴും ഇരളുകൾ
കാറ്റത്ത് ആടിയാടി സുഖിച്ചു
കാറ്റത്ത് ആടിയാടി സുഖിച്ചു
നിൽക്കുമീ പൂക്കൾ
പല പല യടരുകൾ
പല പല വർണ്ണങ്ങൾ
പല പല രൂപങ്ങൾ
ഉള്ള പൂക്കൾ
പല പല നാടുകളിൽ വിരിയുന്ന പൂക്കൾ
സ്വപ് നത്തിൽ വിരിയുമി പൂക്കൾ
ചന്തം നിറയുന്ന പൂക്കൾ
ചന്തത്തിൽ കുളിച്ചു രഞ്ചത്തിൽ നിന്നാടുന്ന പൂക്കൾ
മരങ്ങളിലും ചചടികളിലും ഉണ്ടാക്കുന്ന പൂക്കൾ
രാവിൽ നിറചയ ഭംഗിയുമായി
നിൽക്കും പൂക്കൾ
എന്തൊരു ചന്തമാർന്ന പൂക്കൾ

HANIYA FATHIMA
VIII A


ഐ.എം. വേലായുധൻമാസ്റ്റർ സ്മാരക
സംസ്ഥാനതല
വിതരണം



# MERIT DAY



# ഉദ്യാനപാലകർ



## വിദേശവനിതയെ സ്വദേശത്തെത്തിച്ചു; എസ്ഐയ്ക്ക് അമെരിക്കൻ സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ പങ്കെടുക്കാൻ ക്ഷണം

കൊടുങ്ങല്ലൂർ:വിനോദ സഞ്ചാരത്തിനെത്തി മടങ്ങിപ്പോകാതെ ഒളിവിൽ കഴിഞ്ഞ അമേരിക്കക്കാരിയെ കണ്ടെത്തി തിരികെ നാട്ടിലെത്തിച്ച സബ്ബ് ഇൻസ്പെക്ടർക്ക് അമേരിക്കയുടെ സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ പങ്കെടുക്കാൻ ക്ഷണം.

ഫോർട്ട് കൊച്ചി ടൂറിസം പോലീസ് എസ്ഐ ആയിരുന്ന കൊടുങ്ങല്ലൂർ എറിയാട് സ്വദേശി വി.ബി റഷീദിനും, ഭാര്യയും അധ്യാപികയുമായ ഫസീലത്തിനുമാണ് അമേരിക്കൻ ഭരണകൂടത്തിന്റെ ഔദ്യോഗിക ക്ഷണം ലഭിച്ചത്.



എസ്ഐ വി.ബി റഷീദും ഭാര്യയും

2018 ഡിസംബർ മാസത്തിലാണ് യു എസ് സ്വദേശിനി ഇന്ത്യയിലെത്തി മുങ്ങിയത്. ചെന്നൈയിൽ നിന്നും കാണാതായ യുവതിയെ ദിവസങ്ങൾ നീണ്ട പരിശ്രമത്തിനൊടുവിലാണ് വി.ബി റഷീദിന്റെ നേതൃത്വത്തിൽ ടൂറിസം പോലീസ് കണ്ടെത്തി മടക്കിയയച്ചത്. റഷീദിന്റെ സേവനം കണക്കിലെടുത്ത് എസ്.ഐ വി.ബി റഷീദിന് അമേരിക്കൻ കോൺസുലേറ്റ് അഭിനന്ദന സന്ദേശമയച്ചിരുന്നു. ഇതിനു പുറമെയാണ് ഇപ്പോൾ അമേരിക്കയുടെ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പങ്കെടുക്കാനുള്ള ക്ഷണം ലഭിച്ചത്.

എല്ലാം. സംസ്ഥാനത്തെ ഏറ്റവും വലിയ നാടകോത്സവങ്ങളിലൊന്നും ഇതാണ്. 9നു മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യും.

നാടകങ്ങൾ: പുലത്തുടി(കാസർകോഡ്), ദേശി(കണ്ണൂർ), ഗുളികനും കുന്തോലനും(കോഴിക്കോട്), കാലകാലക്കേട്(മലപ്പുറം), കൂട്(പാലക്കാട്), ഉപജന്മം(തൃശൂർ), ഒറ്റ(എറണാകുളം), എ നൈറ്റ് ബിഫോർ ക്രിസ്മസ്(കോട്ടയം), കേണൽ(ആലപ്പുഴ), ചിരുതേവി(പത്തനംതിട്ട), ഒറ്റപ്പെട്ടവൻ അഥവാ ഒറ്റു കൊടുക്കപ്പെട്ടവൻ (മരപ്പാവകൾ)- കൊല്ലം, ഭീമഘടോത്കചൻ (തിരുവനന്തപുരം സൗത്ത്).



ആർട് ഗാലറിയിൽ സ്ഥാപിക്കാനുള്ള ചിത്രങ്ങളുമായി അധ്യാപകർ ഡയറ്റിലെത്തിയപ്പോൾ.

## ഡയറ്റിൽ ആർട് ഗാലറി വരുന്നു

തൃശൂർ ● വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിൽ (ഡയറ്റ്) ഉപയോഗശൂന്യമായി കിടക്കുന്ന മുറി ആർട് ഗാലറിയാക്കി മാറ്റുന്നു. ജില്ലയിലെ സർക്കാർ - എയ്ഡഡ് സ്കൂളുകളിലെ ചിത്രകലാ അധ്യാപകരുടെ 25 ചിത്രങ്ങൾ വച്ചാണ് ആർട് ഗാലറി ആരംഭിക്കുന്നത്. ഇതു പിന്നീടു വിപുലമാക്കും. 2 ദിവസം ഡയറ്റിൽ സർഗരേഖ എന്ന പേരിൽ ചിത്രകലാ ക്യാംപ് സംഘടിപ്പിച്ചിരുന്നു.

അടുത്ത ഘട്ടത്തിൽ സ്കൂളുകളിൽ ആർട് ഗാലറി ആരംഭിക്കാനാണു ഉദ്ദേശിക്കുന്നത്. മാതൃക ഇല്ലാത്തതാണു ഗാലറി ആരംഭിക്കാൻ തടസ്സം. അതിനു പ്രതിവിധി എന്ന നിലയ്ക്കു കൂടിയാണ് ഡയറ്റ് ആർട് ഗാലറി ആരംഭിക്കുന്നത്. കലാപഠനം ഒരു വിഷയമായ സാഹചര്യത്തിൽ ആർട് ഗാലറികൾ കുട്ടികൾക്ക് പ്രയോജനം ചെയ്യുമെന്നാണു പ്രതീക്ഷ. ഡയറ്റ് പ്രിൻസിപ്പൽ ടി.കെ. അബ്ബാസ് അലിയാണ് ആശയം മുന്നോട്ടുവച്ചത്.

ചിത്രകാരൻ കാർത്തികേയൻ മുരിങ്ങൂർ ചിത്രം വരച്ചു സർഗരേഖ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ അധ്യക്ഷത വഹിച്ചു. ഫാക്കൽറ്റികളായ എം.ആർ. സനോജ്, പ്രമോദ് കെ. നാറാത്ത്, ഇ.ശശിധരൻ, പി.എസ്. ഗോപി, എ.എ. ശങ്കർജി, പി. പ്രസി, പി.സി.സിജി, വിമൽ വർഗീസ്, ഡി. ശ്രീജ എന്നിവർ പ്രസംഗിച്ചു.

04 വെള്ളി ഒക്ടോബർ 2019

ൻ, എൻ.എ
സ് സദാനന്ദ
ച്ചു. ചെറുക
നാം സമ്മാ
സാമൻ, എ.
ഫ്, പ്രവാസി
ആദരിച്ചു.

ക്കല്ലങ്കിൽടെ
യുമായി ബ
ിന്തുണക്കു
ക്കേബിൾ.ഇ
ലസ് മ്യൂസി
ഇൻബിൽറ്റ്
ങ്. സ്പീക്കർ
ത്തിലൂടെ എ
നാകും.
എസ്.ബി, എ
ടുകളും ഇതി




സീതിസാഹിബ് സാംസ്കാരിക ചർച്ചാ വേദിയുടെ പ്രഥമ ഐ.എം വേലായുധൻ മാസ്റ്റർ സ്മാരക സംസ്ഥാനതല അവാർഡ് നേടിയ കെ.എസ് മധു ടീച്ചർ. അഴീക്കോട് സീതിസാഹിബ് മെമ്മോറിയൽ ഹൈസ്കൂൾ പ്രധാന അധ്യാപികയാണ്.

CHN ■ ചന്ദ്രിക 05




ഓണാശംസകൾ


SEPT 16
INTERNATIONAL OZONE DAY
OZONE DAY


B612


HIROSHIMA DAY


ലഹരി വിരുദ്ധ റാലി


സ്വരക്ഷ
100% ചരിത്ര






വിജ്ഞാനോൽസവം









# വായനാദിനം

# പ്രളയത്തിൽ കൈതാങ്ങായി












REDMI K20 PRO
AI TRIPLE CAMERA


HSA 2
REDMI K20 PRO
AI TRIPLE CAMERA


ആരോഗ്യ രക്ഷയ്ക്ക്






ലഹരി?

**സ്വപ്നം**

ഓടിയോടി കിതച്ചു പോയി
പാതിവഴിയിൽ തളർന്നു പോയി
സ്വപ്നമെല്ലാം വേദനയായി
ഇല്ല ഇന്നി മുന്നോട്ടില്ല
വേദന മാത്രം ബാക്കിയായി

പുതിയ തീരം തേടി യാത്രയായി
പുതിയ ലോകം തേടി യാത്രയായി
മറക്കുവാനോക്കുന്നില്ല എന്റെ സ്വപ്നമേ
പിരിയനാവില്ല എന്റെ സ്വപ്നമേ
ജീവിതം ആനന്ദകരമാകാൻ
പോരുക എന്നരികിൽ
എൻ സ്വപ്നമേ
എൻ പ്രണയമേ എൻ സ്വപനമേ
കൺചിമ്മാതെ പ്രയത്നിച്ചു പോയി
അരികിൽ വന്നല്ലോ നീ എൻ പ്രണയമേ
പാതിവഴിയിൽ പല പല വ്യക്തികൾ
തളർത്തിയിരുന്നു എന്നെ
അന്ന് കൈവെടിഞ്ഞില്ല ഞാൻ നിന്നെ
വന്നല്ലോ എന്നരികിൽ നീ സ്വപ്നമേ
എന്നിൽ അലിയൂ നീ സ്വപ്നമേ

SADHIYA FATHIMA
10 C

## BACK BENCHERS

സൂര്യന്റെ വെളിച്ചത്തിൽ അതി മനോഹരമായ ഒരു ദിവസം ആരംഭിച്ചു. അന്ന് എല്ലാവരും സ്കൂളിലേക്ക് പോകാനുള്ള തിരക്കിലാണ്. സ്കൂൾ ബെൽ അടിച്ചു. എന്നിട്ടും 10 സി യിൽ പഠിക്കുന്ന 2 കുട്ടികൾ ഇനിയും ക്ലാസ്സിൽ വന്നിട്ടില്ല. ഒരു പിരിയഡ് കഴിയാറായി. അപ്പോൾ അവർ വന്നു. ടീച്ചർ അവരെ ഒരുപാട് വഴക്ക് പറഞ്ഞു. എന്നിട്ട് അവരെ ക്ലാസ്സിൽ കയറ്റി ഇരുത്തി. ശേഷം ബെൽ അടിച്ചു. ടീച്ചർ പോയി.

അപ്പോൾ ക്ലാസ്സിൽ എല്ലാ കുട്ടികളും അവരോടായി ചോദിച്ചു, എന്താടി ഇന്ന് വൈകിയത്.

ഇന്ന് ഞാൻ അല്ലാടി ദേ ഈ ലക്ഷ്മിയാ നേരം വൈകിയത്.

ലക്ഷ്മി : എടീ പാർവതി സോറി........നാളെ നേരത്തെ എത്തും.

പിന്നെ ആ ദിവസം കഴിഞ്ഞു....... പിറ്റേന്ന്

ലക്ഷ്മി : എടീ പാർവതി ഒന്ന് വേഗം നടക്ക.ഇപ്പൊ ബെൽ അടിക്കും. എന്താ നീ എന്നും നേരം വൈകുന്നത്.

പാർവതി : അതൊന്നുല്ലാടി

അന്നും ബെൽ അടിച്ചതിന് ശേഷമാണ് അവർ ക്ലാസ്സിൽ എത്തിയത്.

കുറച്ച് ദിവസങ്ങൾക്ക് ശേഷം.

പാർവതി നേരം വൈകുന്നതിന്റെ കാരണം ലക്ഷ്മി അന്വേഷിക്കാൻ തുടങ്ങി. അപ്പോഴാണ് അവൾ ആ ഞെട്ടിക്കുന്ന കാര്യം അറിഞ്ഞത്. പിറ്റേന്ന് തൊട്ട് അവൾ ക്ലാസ്സിൽ ഫോൺ കൊണ്ട് വരാൻ തുടങ്ങി. ടീച്ചറോട് അതിന്റെ കാരണവും അവൾ പറഞ്ഞിരുന്നു.

സ്കൂളിലേക്ക് സ്പെഷ്യൽ ക്ലാസ്സ്  എന്ന് പറഞ്ഞ നേരത്തെ തന്നെ അവൾ വീട്ടിൽ നിന്ന് ഇറങ്ങുന്നു. ശേഷം ബസ് സ്റ്റോപ്പിലും മറ്റു  തെരുവിലും കഴിയുന്ന വീട് ഒന്നും ഇല്ലാത്തവർക്ക് അവളുടെ ഭക്ഷണം കൊടുക്കുന്നു.

ഇതായിരുന്നു പാർവതി നേരം വൈകുന്നതിന്റെ കാരണം. അത് ലക്ഷ്മി ടീച്ചറോട് തൻ ആ കാര്യം അറിഞ്ഞ ആ നിമിഷം തന്നെ പറഞ്ഞു. ഒരു ദിവസം ടീച്ചർ ക്ലാസ്സിൽ വന്നു. അന്ന് ടീച്ചർ എല്ലാവരോടും ഒരു കഥ പറഞ്ഞു തരാം എന്ന് പറഞ്ഞു. എല്ലാവരും ആകാംക്ഷയോട് കൂടി കഥ കേൾക്കാൻ ഇരുന്നു. ടീച്ചർ പാർവതിയുടെ ആ നന്മ പ്രവർത്തനം എല്ലാ കുട്ടികളോടുമായി പറഞ്ഞു. എല്ലാ കുട്ടികളും അത് കേട്ട് കൈ കൊട്ടി. ശേഷം ടീച്ചർ പറഞ്ഞു, ഇത് നിങ്ങളിൽ നിന്ന് ഒരാളാണ് ചെയ്തത്. എല്ലാവരും പരസ്പരം നോക്കി. അപ്പോൾ ആണ് പാർവതി കയറി വന്നത്. ടീച്ചർ അവളെ ക്ലാസിലേക്ക് കയറ്റി എന്നിട്ട് ടീച്ചർ അവളെ ചേർത്ത പിടിച്ചിട്ട് പറഞ്ഞു, ഇവളാണ് ആ കുട്ടി. അതിനാലാണ് അവൾ നേരം വൈകുന്നത്. ഇത്ര നാളും നമുക്ക് ഒരു പഠിക്കാത്ത നേരം വൈകി വരുന്ന കുട്ടി ആയിരുന്നു പാർവതി. പക്ഷെ ഇപ്പോൾ അങ്ങനെയല്ല. എല്ലാവരുടെയും മാതൃകയാണ് പാർവതി. ഇത് കേട്ട് എല്ലാവരും കൈ അടിച്ചു അവളെ അഭിനന്ദിച്ചു.

നമ്മുടെ ജീവിതത്തിൽ നാം ആരെയും കൊള്ളില്ല എന്ന് പറഞ്ഞു തള്ളിക്കളയാൻ പാടില്ല. ചിലപ്പോൾ ഏതെങ്കിലും ഒരു കാര്യത്തിൽ അവർ മികവുറ്റവരായിരിക്കും.

SAINUBAN
IX B

FARSANA HUSSAIN
VIII D

## ചങ്ങാതി

പണ്ട് പണ്ട് ഒരു കാട്ടിൽ മിട്ടു എന്ന് പേരുള്ള ഒരു പൂച്ചയും കിട്ടു എന്ന് പേരുള്ള ഒരു അണ്ണാനും താമസിച്ചിരുന്നു. അവർ വളരെയടുത്ത ചങ്ങാതിമാരായിരുന്നു. മിട്ടുവിന് ഒരു അനുജനും അച്ഛനും അമ്മയും ഉണ്ടായിരുന്നു. കിട്ടുവിന് ഒരു അച്ഛനും അമ്മയുമുണ്ട്. അങ്ങനെ ഒരു ദിവസം മിട്ടുവിന് കിട്ടുവിന്റെ വീട്ടിലേക്ക് പോകണമെന്ന് തോന്നി. ഗാര തടാകം കഴിഞ്ഞു കുറച്ച നേരം നടന്നു ഒരു ആൽമരത്തിന്റെ മുകളിലാണ് കിട്ടുവിൻറെ വീട്. ചുള്ളിക്കമ്പുകളാൽ മനോഹരമാക്കിയ വീടാണ് കിട്ടുവിന്റെ വീട്. അങ്ങനെ മിട്ടു വീട്ടിൽ യാത്ര പറഞ്ഞു കിട്ടുവിന്റെ വീട്ടിലേക്ക് പോകുവാനായി ഇറങ്ങി. കുറച്ചു നടന്നു കഴിഞ്ഞപ്പോൾ അവന്റെ അമ്മ അവന്റെ അടുത്തേക്ക് ഓടി കിതച്ചു വന്നു ഇങ്ങനെ പറഞ്ഞു. മോനെ മിട്ടു, സൂക്ഷിച്ചു പോയി വരണം. തടാകത്തിൽ എന്റെ കൂട്ടുകാരൻ ഉണ്ട്.മുതലക്കണ്ണൻ. അവനോട് പറഞ്ഞാൽ അവൻ നിന്നെ തടാകത്തപ്പുറത്തെയ്ക്ക് എത്തിക്കും. അപ്പോൾ മിട്ടു പറഞ്ഞു, ശെരി അമ്മെ, ഞാൻ പോയി വേഗം തിരിച്ചു വരം, എന്ന് പറഞ്ഞു. മിട്ടു വേഗം നടന്നകന്നു.

തടാകത്തിലെത്തിയപ്പോഴേക്കും മിട്ടു വല്ലാതെ അവശനായി. തടാകത്തിൽ നിന്ന് വെള്ളം കുടിച്ചതിനു ശേഷം അമ്മ നിർദ്ദേശിച്ചതുപോലെ മിട്ടു മുതലയെ വിളിച്ചു. മുതല വന്നു. മുതലയോട് മിട്ടു കാര്യങ്ങൾ പറഞ്ഞു. തന്റെ സുഹൃത്തിന്റെ മകനാണ് മിട്ടു എന്ന് പറഞ്ഞപ്പോൾ മുതലക്ക് സന്തോഷമായി. മുതല അവനെ അപ്പുറത്തേക്ക് എത്തിച്ചു. മുതലയോടു നന്ദി പറഞ്ഞു മിട്ടു വിദൂരതയിലേക്ക് മാഞ്ഞു പോയി. ആൽമരം എത്താറായപ്പോൾ അതു  വഴി ഒരു കുറുക്കച്ചാരൻ വന്നു. വിശന്നു വലഞ്ഞിരുന്ന  കുറുക്കച്ചാരൻ മിട്ടുവിനെ കണ്ടപ്പോൾ വായിൽ വെള്ളമൂറി. മിട്ടു ജീവനും കൊണ്ട് ആലമരത്തിലേയ്ക്ക് ഓടി കയറി കിട്ടുവിനെ വിളിച്ചു. കിട്ടു ഓടി വന്നു. അണ്ണാൻ അപ്പുറത്തെക്കുള്ള കൊമ്പിന്മേൽ ചാടി. അത് ഒരു മാവായിരുന്നു. പഴുത്ത മാങ്ങകൾ അണ്ണാൻ പൊട്ടിച്ചു കുറുക്കന് നേരെ എറിഞ്ഞു. പഴുത്ത മാങ്ങകൾ കുറുക്കന്റെ മേൽ മുഴുവൻ പൊട്ടി ചിതറി. വേദന സഹിക്കാൻ വയ്യാതെ കുറുക്കൻ ഓടി മറഞ്ഞു.തന്റെ ജീവൻ രക്ഷിച്ച കൂട്ടുകാരനോട് മിട്ടു നന്ദി പറഞ്ഞു. ഒരാളുടെ ജീവൻ രക്ഷിച്ചതിന് കിട്ടു അണ്ണാൻ അഭിമാനം കൊണ്ട് മിട്ടു വീട്ടിൽ ചെന്ന് ഇതെല്ലാം തന്റെ അമ്മയോട് പറഞ്ഞു. അപ്പോൾ 'അമ്മ ഇപ്രകാരം പറഞ്ഞു, നീ കണ്ടുപിടിച്ച സുഹൃത്ത് വളരെയധികം നല്ലവനാണ്. അവനാണ് നല്ല സുഹൃത്ത്. നീ അവനോട് എന്നും കടപ്പെട്ടവനായിരിക്കണം. എന്നും പറഞ്ഞു ആ കുടുംബത്തെ രാത്രി തലോടി.

**ആപത്ത്  ഘട്ടത്തിൽ സഹായിക്കുന്നവനാണ്**
**യഥാർത്ഥത്തിൽ സുഹൃത്ത്.**

ANEESA P M
VIII C

# അത്യാഗ്രഹം

ഒരിടത്ത് ഒരിടത്ത് ഒരു വേട്ടക്കാരൻ താമസിച്ചിരുന്നു. ദിവസവും അയാൾ തന്റെ വീടിനടുത്തു കാട്ടിൽ പോയി മൃഗങ്ങളെ വേട്ടയാടുമായിരുന്നു . അങ്ങനെ ഒരു ദിവസം വേട്ടക്കാരൻ വേട്ടയാടാനിറങ്ങി. കുറെ നേരം ശ്രമിച്ചിട്ടും അയാൾക്ക് ഇരകളെ ഒന്നും തന്നെ ലഭിച്ചില്ല. ക്ഷീണിതനായ അയാൾ അടുത്തുള്ള നദീതീരത്ത് ഇരുന്ന് വിശ്രമിക്കാം എന്ന് തീരുമാനിച്ചു. അങ്ങനെ അയാൾ അവിടേക്ക് നടന്നു. അപ്പോൾ നദിക്കരയിൽ ഒരു മാൻ നിൽക്കുന്നത് കണ്ടു. വേടൻ ആ മാനിനെ അമ്പെയ്തു വീഴ്ത്തി. എന്നിട്ട് അതിനെയും എടുത്തിട്ട് വീട്ടിലേക്ക് നടന്നു. നടക്കുന്ന വഴി മലയുടെ താഴ്വരത്തിൽ ഒരു കാട്ടുപോത്ത് നിൽക്കുന്നത് കണ്ടു.വേടൻ വിചാരിച്ചു.ഈ കുഞ്ഞു മാനിനെ കിട്ടിയിട്ട് എനിക്കെന്തു ലാഭം. എനിക്ക് ആ കാത്തുപോത്തിനെ കൂടി പിടിക്കണം. അപ്പോൾ അവിടേക്ക് ഒരു മനുഷ്യൻ വരുന്നത് കണ്ടു. അപ്പോൾ വേടൻ അയാളോട് പറഞ്ഞു, നിങ്ങൾ എന്നെ ആ കാട്ടുപോത്തിനെ പിടിക്കാൻ സഹായിക്കുമോ? മനുഷ്യൻ, നിങ്ങളെ സഹായിച്ചാൽ എനിക്കെന്തു തരും. വേടൻ, നിങ്ങൾ സഹായിച്ചാൽ ഇതിന്റെ വിലയുടെ പകുതി തരാം. മനുഷ്യൻ, ശെരി, എന്നാൽ നമുക്ക് ആ കാത്തുപോത്തിനെ പിടിക്കാം. അവർ രണ്ടു പേരും കാട്ടുപോത്തിന്റെ അടുക്കലേക്ക് നടന്നു. വേടൻ വിചാരിച്ചു, കാട്ടുപോത്തിന്റെ പാതി വില പോയിട്ട് ഒരു ഒറ്റ രൂപ പോലും ഇവന് ഞാൻ കൊടുക്കൂല്ല. അങ്ങനെ അവർ കാട്ടുപോത്തിന്റെ അടുത്തെത്തി. വേടൻ അതിനെ അമ്പെയ്യാൻ നോക്കി. പക്ഷെ കൊണ്ടില്ല. തന്നെ ആരോ കൊല്ലാൻ നോക്കുന്നു എന്ന് മനസ്സിലായ കാട്ടുപോത്ത് തിരിഞ്ഞു നോക്കി. എന്നിട്ട് വേടന്റെ നേരെ ഓടി വന്നു. അത് കണ്ട് അടുത്ത് നിന്ന മനുഷ്യൻ ഓടി രക്ഷപെട്ടു. തന്റെ കൂട്ടുകാരനെ നോക്കിയ വേടൻ ഞെട്ടിപ്പോയി. അയാൾ അവിടെ ഇല്ലായിരുന്നു. അപ്പോഴേക്കും കാട്ടുപോത്ത് അയാളെ കുത്തി കൊന്നു.കുറച്ചു സമയങ്ങൾക്കു ശേഷം അവിടെ ഒരു സിംഹം എത്തിപ്പെട്ടു. ആ സിംഹം അത്യാഗ്രഹിയായ വേദനയും കൊണ്ട് തന്റെ മാളത്തിൽ എത്തി ചേർന്ന്. വയറു നിറയെ ഭക്ഷിച്ച ശേഷം സിംഹം പുറത്തേക്ക് പോയി. അപ്പോൾ അടുത്ത കാട്ടിൽ നിന്നും വന്ന കുറുക്കൻ ആ മാനിനേയും എടുത്തുകൊണ്ട് എവിടെയെങ്കിലും പോയി ഭക്ഷിക്കാമെന്നും കരുതി സിംഹത്തിന്റെ ഗുഹയുടെ ഉള്ളിലേക്ക് കയറി. നല്ല വിശപ്പുണ്ടായിരുന്ന കുറുക്കൻ അവിടെ കിടന്നിരുന്ന വേടനെയും കണ്ടു. കുറുക്കന് സന്തോഷമായി. കുറുക്കൻ മനുഷ്യനെ ഭക്ഷിച്ചിട്ടില്ലാത്തതിന്റെ ആദ്യം മനുഷ്യനെ ഭക്ഷിക്കാൻ തീരുമാനിച്ചു. എന്നിട്ട് കഴിച്ചു തുടങ്ങി. അപ്പോഴാണ് സിംഹം അവിടെ എത്തിച്ചേർന്നത്. തന്റെ ഭക്ഷണം കഴിക്കുന്ന കുറുക്കനെ കണ്ട സിംഹത്തിന് ദേശ്യം വന്നു. സിംഹം കുറുക്കന്റെ അടുത്തേക്ക് നീങ്ങി. അപ്പോൾ കുറുക്കൻ തീറ്റ നിർത്തി സിംഹത്തെ നോക്കി. സിംഹത്തെ കണ്ട കുറുക്കന് ഭയമായി.

SANAY THAMPI V
VIII C

## മോഷ്ടാവായ അച്ഛൻ

അതി മനോഹരമായ ഒരു കൊച്ചു വീട്. കടലിനടുത്താൻ വീട് നിലനിൽക്കുന്നത്. കടൽ ഭിത്തിയുള്ളതിനാൽ വീട്ടുകാർക്ക് ഒരു ധൈര്യമുണ്ട്. പക്ഷെ ആ ധൈര്യത്തേക്കാൾ അച്ചുവിന്റെ ആ വീട്ടുകാർ രാത്രി എന്നും വിഷമമുള്ള ഒരു കാരണമുണ്ടാക്കും. കാരണം എന്നും രാത്രി ആ വീട്ടിൽ മോഷണം നടക്കും. പാത്രങ്ങൾ, മാലകൾ, വളകൾ, അങ്ങനെ പലതും നഷ്ടപ്പെട്ടുകൊണ്ടേയിരുന്നു.

ഒരു ദിവസം അച്ചു അമ്മയുടെ അടുത്ത് ചെന്ന് പറഞ്ഞു, അമ്മയുടെ ഇത്രയും സാധനങ്ങൾ  അച്ഛൻ കടയിൽ വിൽക്കുന്നതായി അവൻ കണ്ടുവെന്ന് പറഞ്ഞു. ആ ദിവസം രാത്രി അമ്മ തന്റെ താലിമാല അഴിച്ചുവെച്ചു ഉറങ്ങുന്നത് പോലെ അഭിനയിച്ചു. രാത്രി അച്ഛൻ വന്ന് അമ്മയുടെ കഴുത്തിൽ തപ്പി നോക്കിയപ്പോൾ മാല കാണുന്നില്ല. മാല കിട്ടാതെ അച്ഛൻ രാത്രി അവിടെ നിന്ന് പോയി. പിറ്റേന്ന് അത് പോലെ രാത്രി അമ്മ കിടന്നു. ഇത്തവണ അമ്മ രാത്രി മാല ഇട്ടു കൊണ്ടാണ് കിടന്നത്. അത് പോലെ അമ്മ ഉറക്കമുളച്ചു കിടന്നു. നേരം കഴിഞ്ഞിട്ടും അച്ഛൻ മോഷ്ടിക്കാൻ വരുന്നില്ല. അമ്മയാണെങ്കിലും ഉറങ്ങിപ്പോയി. അച്ചു അമ്മയെ പലതവണ വിളിച്ചുണർത്താൻ ശ്രമിച്ചു. ഒടുവിൽ അച്ഛൻ മാല മോഷ്ടിക്കാൻ വരുന്നത് അവൻ കണ്ടു. മാല കൊണ്ടുപോകുന്നതിന് മുൻപ് അവൻ അച്ഛനെ പിടിക്കാൻ അവൻ അമ്മയെ വിളിച്ചുണർത്തി. ഒടുവിൽ അച്ഛൻ മാല കൊ് പോകുന്നതിനിടയിൽ അച്ചുവും അമ്മയും മോഷ്ടാവായ സ്വന്തം അച്ഛനെ പിടിച്ചു. തന്റെ മോഷ്ടിച്ചു കൊണ്ട് പോയ സാധനങ്ങൾ എവിടെയെന്ന് ചോദിച്ചു അമ്മ അച്ഛനോട് ചൂടായി. അന്ന് രാത്രി അവിടെ ഒരു ബഹളമുണ്ടായി. ഒരു ദിവസം തന്റെ മോഷ്ടിച്ചു കൊണ്ടുപോയ സാധനങ്ങളുമായി അച്ഛൻ വരുന്നത് കണ്ടു. അത്രയും ദിവസം ബഹളമുണ്ടായ വീട്ടിൽ സന്തോഷവും വന്നു കൂടി.

പിന്നെയൊരിക്കലും സന്തോഷം ആ വീട് വിട്ട് പോയിട്ടില്ല.

## അധ്വാനത്തിന്റെ ഫലം

N NOWSHMI
VIII A

ഒരിടത്ത് രാഹുൽ എന്ന ഒരു ആൺകുട്ടി ഉണ്ടായിരുന്നു. അവന് ചെടികളെയും പൂക്കളെയും വളരെയധികം ഇഷ്ടമാണ്. അവൻ അവന്റെ വീടിനു മുൻപിൽ പൂന്തോട്ടം നിർമ്മിച്ചിട്ടുണ്ട്. അവന് വിദ്യാലയത്തിൽ നിന്ന് വിത്തുകളൊക്കെ കിട്ടുമ്പോൾ അത് അവന്റെ പൂന്തോട്ടത്തിൽ നടുമായിരുന്നു. അങ്ങനെ ഇരിക്കെ ഒരു ദിവസം അവന്റെ കൂട്ടുകാർ കളിക്കാനായി അവന്റെ വീട്ടിലെത്തി. അവർ അവന്റെ പൂന്തോട്ടത്തിൽ ലയിച്ചു നിന്ന്. പല നിറങ്ങളിൽ പച്ച, മഞ്ഞ, നീല വർണ്ണങ്ങളിൽ അത് വിടർന്നു നിൽക്കുന്നു. അവൻ എന്നും രാവിലെ നേരത്തെ എഴുന്നേറ്റ് ചെടികൾക്കെല്ലാം വെള്ളമൊഴിക്കും. അവന്റെ കൂട്ടുകാർ ആകട്ടെ ഈ വിവരം അവന്റെ വിദ്യാലയത്തിൽ അധ്യാപകന്മാരുടെ അടുത്ത ചെന്ന് പറഞ്ഞു. അടുത്ത ദിവസം അധ്യാപകർ ആകാക്ഷയോടെ രാഹുലിന്റെ പൂന്തോട്ടം കാണാനെത്തി. അവർ അവന്റെ പൂന്തോട്ടം കണ്ടതും അവനെ അഭിനന്ദിച്ചു. അടുത്ത ദിവസം അവൻ സ്കൂളിൽ പോയപ്പോൾ അവൻക്ക് ആയി അധ്യാപകരും, കൂട്ടുകാരുമെല്ലാം കാത്തു നിൽക്കുന്നു. അവരുടെ കയ്യിൽ അവൻക്ക് ആയി ഒരു വലിയ സമ്മാനം ഉണ്ടായിരുന്നു. അവർ അവനെ അസ്സെംബ്ലിയിൽ വിളിച്ചു നിർത്തി സമ്മാനം കൈ മാറി. അവൻ വിദ്യാലയത്തിൽ നിന്ന് മടങ്ങി വീട്ടിലേയ്ക്ക് ഓടി. അവൻ വീട്ടിൽ ചെന്ന് അമ്മയുടെ അടുത്തേക്ക് ഓടി. അമ്മ അവനോട് എന്താണെന്ന് ചോദിച്ചു. അവൻ നടന്നതെല്ലാം അമ്മയോട് വ്യക്തമായി പറഞ്ഞു കൊടുത്തു. അമ്മ അവനെ വാരിയെടുത്തു ഒന്ന് ചുംബിച്ചു. അമ്മയ്ക്ക് അവനിൽ അഭിമാനം കൊണ്ട്. അമ്മ ഈ വിവരം അപ്പോൾ തന്നെ രാഹുലിന്റെ അച്ഛനെ വിളിച്ചു പറഞ്ഞു. അച്ഛൻ ഇത് കേട്ടപ്പോൾ സന്തോഷപ്പൂർവ്വം ജോലി കഴിഞ്ഞു വരുന്ന വഴി രാഹുലിനായി ഒരു പുത്തൻ സൈക്കിൾ വാങ്ങി കൊണ്ട് വന്നു. അവൻ അച്ഛനെ കാത്ത് വരാന്തയിൽ ഇരിപ്പുണ്ടായിരുന്നു. അച്ഛൻ അവനെ കണ്ടതും അവനെ കെട്ടിപ്പിടിച്ചു. എന്നിട്ട് സൈക്കിൾ കാണിച്ചുകൊടുത്തു. അവന് സൈക്കിൾ കണ്ടപ്പോൾ തന്നെ ഇഷ്ടമായി. അവൻ പിന്നെ എന്നും അവന്റെ സൈക്കിളും കൂട്ടുകാരുമായി കറങ്ങി നടക്കും. ഇത് അവന്റെ അധ്വാനത്തിന്റെ ഫലമാണ്. നിങ്ങളും ഇതുപോലെ അദ്ധ്വാനിച്ചാൽ നിങ്ങൾക്കും തീർച്ചയായും ഒരു പ്രതിഫലം ലഭിക്കും.

# എന്നും ഒന്നാവണം

ഞാൻ അപ്പുറത്തെ വീടിന്റെ മുറ്റത്തു നിന്ന് ഒരു ശബ്ദം കേട്ടു.ഞാൻ ഉണർന്നു നോക്കിയപ്പോൾ അപ്പുറത്തെ വീട്ടിലെ നമ്പൂതിരിയുടെ ശബ്ദം ആണെന്ന് എനിക്ക് തോന്നി.ഞാൻ ഉണർന്നു നോക്കി. എന്റെ അമ്മ കരയുകയാണ്.പാവം ഞാൻ മുറ്റത്തേക്കിറങ്ങി ചെന്നു.എനിക്ക് ആദ്യം ഒന്നും മനസ്സിലായില്ല. പിന്നീടാണ് കാര്യം എന്താണെന്ന് നമ്പൂതിരിയുടെ വർത്തമാനത്തിൽ നിന്ന് എനിക്ക് മനസ്സിലായത്.നീ എന്തിനാണ് അതിരാവിലെ തന്നെ എന്റെ മുന്നിൽ വന്ന് നിന്നതെന്ന് ശകാരത്തോടെ കണ്ണുതുറിപ്പിച് കൊണ്ട് നമ്പൂതിരി അമ്മയോട് ചോദിച്ചു. 'അമ്മ നമ്പൂതിരിയുടെ മുന്നിൽ തലതാഴ്ത്തിക്കൊ് കൈ കൂപ്പി നിൽക്കുന്നു. അയാൾ അമ്മയെ ഒരുപാട് ശകാരിച്ചു. ഇനി ഒരിക്കലും എന്റെ മുമ്പിൽ വന്നു പോവരുതെന്ന് അയാൾ അമ്മയോട് പറഞ്ഞു .

'അമ്മ തലകുനിച്ചു കൊണ്ട് അകത്തേക്ക് കയറി. അന്ന് എനിക്ക് തോന്നി താഴ്ന്ന ജാതിയും മേൽ ജാതിയും തമ്മിൽ ഒരുപാട് വത്യാസമുണ്ടെന്ന്.അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു. കോരി ചൊരിയുന്ന മഴയും മിന്നലും കൈ. ഞാൻ ആകെ പേടിച്ചു വിറച്ചു അമ്മയെയും കെട്ടിപ്പിടിച് അങ്ങനെ ഇരിക്കുന്നു. മുറ്റത്താകെ വെള്ളം നിറഞ്ഞു. അച്ഛനെ വിളിക്കാൻ മാർഗ്ഗം ഒന്നുമില്ല. മിന്നലുള്ളത് കൊണ്ട്.........അങ്ങനെ രാത്രിയായി. ഉറങ്ങുന്ന സമയത്തു പായയുടെ അറ്റത്തു നിന്നും ഒരു നനവ് കാലിന്റെ അടുത്തേക്ക് വരുന്നു. മേലാകെ നനയുന്നു. അമ്മ ഞെട്ടിയുണർന്നു. അപ്പോൾ ഞാനും ഉണർന്നു. നോക്കുമ്പോൾ വെള്ളം വീടിനുള്ളിലേക്ക് കയറുന്നു. എന്റെ വീട് ചെറുതായതിനാൽ വെള്ളം വേഗം കേറി. അങ്ങനെ എന്ത് ചെയ്യണമെന്നറിയാതെ ഞാനും അമ്മയും നിൽക്കുന്ന സമയത്താണ് അടുത്ത വീട്ടിലെ അമ്മിണി ചേച്ചി അമ്മയെ വിളിച്ചത്. അശ്വതി......എല്ലാവരും പോവാനൊരുങ്ങുകയാണ്......വേഗമാകട്ടെ.......ഇവിടെ നിൽക്കുന്നത് നന്നല്ല............എല്ലാ ഡാമുകളും തുറന്നിട്ടുണ്ടെന്ന് പറഞ്ഞു ചേട്ടൻ വന്നിട്ടുണ്ട് .

ദൈവമേ........നമ്മൾ എന്ത് ചെയ്യും. അതു പറഞ്ഞു അമ്മ എന്നെ മാറോട് ചേർത്ത് നിർത്തി. അച്ഛന് ഗൾഫിൽ എന്തെങ്കിലും പ്രശ്നം ഉണ്ടാവോ.........ദൈവമേ നീ രക്ഷിക്കണേ. അമ്മയും ആകെ വിറക്കുന്നു. അപ്പോൾ കുറച്ചു ആളുകൾ വന്നു എന്നെയും അമ്മയെയും ഞങ്ങളുടെ അടുത്തുള്ള സ്കൂളിലേക്ക് കൊണ്ട് പോവാൻ. വേഗം തയ്യാറായി. ശെരിക്കും പറഞ്ഞാൽ ഇടാനൊരു വസ്ത്രം പോലും ഇല്ലാതെ ഇട്ട വേഷത്തിൽ ഇറങ്ങി പോയി.

അവിടെ ചെന്നപ്പോൾ നമ്പൂതിരിയും അദ്ദേഹത്തിന്റെ കുടുംബവും . ഞങ്ങൾ അവിടെ ചെന്നിരുന്നു. ഞങ്ങളുടെ തൊട്ടടുത്തായി നമ്പൂതിരിയും കുടുംബവും വന്നിരുന്നു. നമ്പൂതിരി ആദ്യമായി എന്നോട് ചിരിച്ചു . അതിനു ശേഷം എല്ലാവരും കിടക്കാൻ തുടങ്ങി. ഞങ്ങൾ ആദ്യം ചെന്നത് കൊണ്ട് ഞങ്ങൾക്ക് കട്ടിൽ കിട്ടി. നമ്പൂതിരിയും കുടുംബവും താഴെ ആയിരുന്നു. അങ്ങനെ ഞങ്ങൾ കിടന്നു. നേരം പുലർന്നു. ഞങ്ങൾ എല്ലാവരും ഒന്നിച്ചു ഭക്ഷണം കഴിച്ചു. എനിക്ക് അത്ഭുതം തോന്നി. വലിയ ജാതിയും താഴ് ജാതിയുമില്ലാതെ എല്ലാവരും ഒന്നിച്ചു ഉണ്ണുന്നു.ഉറങ്ങുന്നു.

ആ സമയത്താണ് മുൻപ് എനിക്കുണ്ടായ ചിന്തയിലെ പിഴവിനെ ഞാൻ ഓർത്തത്. മേൽ ജാതിയും താഴ് ജാതിയും എല്ലാം വെറുതെയാണെന്നും മനുഷ്യർക്ക് എന്നും തുല്യതയാണുള്ളതെന്നും എനിക്ക് ഉറപ്പായി. ഒരു മനുഷ്യൻ എന്ന് പറഞ്ഞാൽ അത് പണത്തിലും വെളുപ്പിലും ഒന്നുമല്ല. മനുഷ്യന്റെ മനസ്സിലും സ്വഭാവത്തിലുമാണ്. നന്മയും സ്നേഹവും വേണ്ടതെന്ന് എനിക്ക് വ്യക്തമായി. ആ കുറച്ചു ദിവസങ്ങൾ കൊണ്ട് എനിക്ക് ഒരു വലിയ പാഠം മനസ്സിലാക്കാൻ കഴിഞ്ഞു.

FASNA SHERIN A N
IX C

# പേമാരി പെയ്തിറങ്ങി

ഒരു തുള്ളി താഴേക്ക് പെയ്തിറങ്ങി
കടലും കരയും പുഴയുമെല്ലാം
നിറഞ്ഞു വിതുമ്പി പറന്നു ഒഴുകി
ജീവിജാലങ്ങൾ എല്ലാം തുള്ളിച്ചാടി
വൃക്ഷങ്ങൾ എല്ലാം പടിയാടി
ഒരു തുള്ളി താഴേക്ക് പെയ്തിറങ്ങി
കരി മേഘങ്ങൾ എല്ലാം അകന്നു നീങ്ങി
പാടവും പുഴകളും തോടും മോടി
പുഴയിലും തോട്ടിലും കടലിലും കളകലമായ ശബ്ദം മുയർന്നു പൊന്തി
നീളെ കളകളം പാടി എന്റെ കേരളം എന്തൊരു ഭംഗിയാണ്
ഒരു തുള്ളി താഴേക്കു പെയ്തിറങ്ങി കിളികൾ
പാട്ടു പാടാൻ തുടങ്ങി
പുഴയിൽ മീനുകൾ തുള്ളിച്ചാടി

**NAISHANA FATHIMA P S**
VIII D

## കഥ രചന

Musfira Mumthas P H

VIII G

വെടിയുണ്ടയുടെ ഭീകരമായ ശബ്ദവും രാജ്യക്കാരുടെ നിലവിളിയും കേട്ടാണ് അന്ന് രാവിലെ അവൻ എഴുന്നേറ്റത് ജോൺ എന്നായിരുന്നു അവന്റെ പേര് രാജ്യക്കാരുടെ നിലവിളി അവിടെ സർവ്വ സാധാരണയായിരുന്നു നിലവിളി കേട്ടതും അവൻ പുറത്തേക്കു ഇറങ്ങി നോക്കി . അപ്പോൾ വീണ്ടും വേണ്ടിയുണ്ടയുടെ ആ ഘോരശബ്ദം രാജ്യത്ത് മുഴങ്ങി . അവനു അകെ ഉള്ളത് 'അമ്മ മാത്രമാണ് അച്ഛൻ

ഒരു വാഹന അപകടത്തിൽ മരണപെട്ടു . അവർ വളരെ പാവപ്പെട്ടവരാണ് സ്വന്തമെന്നോ ബന്ധമെന്നോ പറയാൻ ആരുമില്ല അവൻ ഒരു വയസ്സ് ഉള്ളപ്പോഴാണ് അച്ഛൻ മരണപ്പെട്ടത് . പിന്നെ അവനെ വളർത്തി വലുതാക്കിയത് അവന്റെ അമ്മയായിരുന്നു . 'അമ്മ വീട്ടുജോലിക്ക് പോയാണ് അവനെ പഠിപ്പിക്കുന്നതും ആവശ്യമുള്ള സാധനങ്ങൾ വാങ്ങി കൊടുക്കുന്നതുമെല്ലാം അവൻ എഴുന്നേൽറ്റപ്പോൾ വീട്ടിൽ അമ്മയുണ്ടായിരുന്നില്ല അപ്പൊ അവനു തോന്നി 'അമ്മ ജോലിക്ക് പോയിട്ടുണ്ടാക്കുമെന്നു അവൻ അവിടേക്കു ഓടി . അവിടെ ചെന്നപ്പോൾ ആ വീട് തകർന്നു തരിപ്പിടമായിട്ടുണ്ടായി അവൻ ആ വീടിന്റെ ചുറ്റും നോക്കി അവിടെ എങ്ങും അവന്റെ അമ്മയെ കാണുന്നില്ല അവൻ 'അമ്മ എന്ന് അന്വേഷിച്ചു നടക്കാൻ തുടങ്ങി അപ്പോൾ ആരോ പറഞ്ഞു അവിടെന്ന് ഒരു കിലോമീറ്റർ ദൂരമുള്ള ഒരു ക്യാമ്പിൽ അവന്റെ അമ്മയുണ്ടെന്ന് അത് കേട്ടപ്പോ അവന് സന്തോഷമായി. അവൻ അവിടേക്കു ഓടി അവിടെ ചെന്നപ്പോൾ ചോരയിൽ കുളിച്ചു കിടക്കുന്ന അമ്മയെ കണ്ടു അവൻ അമ്പരന്നു നിന്നു . കണ്ണുകൾ നിറഞ്ഞു ഒഴുകി അവൻ അമ്മയെ സമാധാനിപ്പിച്ചു. പുറത്ത് ഇറങ്ങി നോക്കിയപ്പോൾ തകർന്നുഅടിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളും സ്കൂളും പള്ളിയുമെല്ലാം.ആളുകൾ തങ്ങളുടെ മക്കളെയും കൊണ്ട് രക്ഷപെടുന്നു അതു കണ്ടപ്പോൾ ഇത് കണ്ടപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു അവന്റെ അച്ഛൻ ജീവിച്ചിരുന്നെങ്കിൽ എന്ന് അവൻ വിചാരിച്ചു. അവിടെ യുദ്ധമായിരുന്നു ചോരയിൽ കുളിച്ചു കിടക്കുന്ന ആളുകളുടെ അടുത്ത് മക്കളും ഭാര്യയും ഇരുന്നു കരയുന്നു. രാജ്യമാകെ ചോരയിൽ കുളിച്ചു കിടക്കുന്നു യുദ്ധത്തിൽ ഇറങ്ങി തിരിക്കുന്നവർ ആലോചിക്കുക അവസാനം വിജയമെല്ല ഉണ്ടാക്കുന്നത് കൂടെ പിറപ്പുകളുടെ ജീവനാണ് പോവുക .

## ഓർമ്മയായി

അമ്മിഞ്ഞപ്പാലിൽ വെൺമപോലെന്നും
വനിലെ കൺചിമ്മും താരകത്തോടൊപ്പം
ദൂരെയെങ്ങനെ പോയിമറഞ്ഞുനീ
എന്നിലെന്നും ഓർമ്മകൾ ബാക്കി വെച്ച്

സ്നേഹ സാന്ത്വനമായെന്ന തഴുകുന്ന
കുഞ്ഞിളം കാറ്റുപോലെന്നും വന്നു നീ
കടലുകൾ കടന്നു ഞാൻ തേടി നിന്നെ
വിജനമായ ഭൂവിലും ഞാൻ തിരഞ്ഞു

എൻ കണ്ണീർ കടലിൻ്റെ ആഴങ്ങളിലും
എൻ ഹൃദയമിടിപ്പിൻ താളത്തിലും
.തേടി ഞാൻ നിന്നെ ഒരു നോക്കു കാണാൻ
നാളെത്രനാളായ് ആശിപ്പു നിന്നെ ഞാൻ
എന്നും നിൻ സ്നേഹമായ് മാറിടാൻ

അവസാനം പാതിവഴിയിൽ തീർന്നോരാ എൻ
ജീവിതയാത്രയിൽ നിന്നെ ഞാൻ കണ്ടു
അങ്ങ് വാനിൽ വാനവദൂദരുടെ മാണി
നാദത്തോടൊപ്പം നൃത്തമാടുന്ന നിന്നെ
എന്നെ പെറ്റോരായെൻ്റെ സ്വന്തം അമ്മയെ

**ALEENA MARIYA ROSE**

**10 C**

AMEENA K M
VIII A

# ഒരു അത്യാഗ്രഹിയായ കൃഷിക്കാരൻ

ഒരു നാട്ടിൽ ഒരു അത്യാഗ്രഹിയായ കൃഷിക്കാരനുണ്ടായിരുന്നു.
കുറച്ചു നാൾ കഴിഞ്ഞപ്പോൾ ആ നാട്ടിൽ വരൾച്ച പിടിപെട്ടു.
ഈ കൃഷിക്കാരനൊഴികെയുള്ള ബാക്കിയെല്ലാ കൃഷിക്കാരും
വരൾച്ച മൂലം ബുദ്ധിമുട്ടി. അപ്പോൾ ആ കൃഷിക്കാരൻ അയാളുടെ
ജോലിക്കാരെ വരൾച്ച തീരുന്നത് വരെ പണിയിൽ നിന്ന് പിരിച്ചു വിട്ടു.
ആ ജോലിക്കാർക്ക് അത് വളരെ സങ്കടമായി. എന്നാലും അവർ അത്
സഹിച്ചു. ദൈവം ആ കൃഷിക്കാരന് നല്ല പണി കൊടുത്തുകൊള്ളും
എന്ന അവർ വിശ്വസിച്ചു. വരൾച്ച കൂടുന്നതല്ലാതെ കുറയുന്നില്ല.
അപ്പോൾ ആ കൃഷിക്കാരൻ തന്റെ ആടുമാടുകളെയെല്ലാം കൊന്നിട്ട്
ആ ഇറച്ചി ഇരട്ടിവിലക്കു വിറ്റു. അങ്ങനെ അയാൾ അയാളുടെ
കാവൽക്കാരായ  പട്ടികളെയും കൊന്നു.
അയാളുടെ വീട്ടിൽ നിന്ന് പണം കവരാൻ തക്കം പാർത്തിരുന്ന കള്ളന്മാർ
ഈ അവസരം മുതലെടുത്തു. അവർ അയാളുടെ വീട്ടിൽ കയറി അയാളെ
കയറു കൊണ്ട് കെട്ടിയിട്ട് അയാളുടെ ധാന്യവും സ്വർണങ്ങളും
എല്ലാം കള്ളന്മാർ അടിച്ചു കൊണ്ട് പോയി.
അപ്പോഴാണ് അയാളുടെ കണ്ണ് തുറന്നത്. (ദൈവം തുറപ്പിച്ചത്.)
അയാൾക്ക് മനസ്സിലായി, അയാളുടെ അത്യാഗ്രഹം കാരണമാണ്
അയാൾക്ക് ഇങ്ങനെ സംഭവിച്ചതെന്ന്.

എല്ലാവരും അറിയേണ്ട പാഠമാണ് ഈ കൊച്ചു കഥ.
അത്യാഗ്രഹം ആപത്ത് സൃഷ്ടിക്കും. അത് ഓർത്തു കൊള്ളുക.

IRFANA NASRIN P S
VIII A

## ലഹരി നൽകിയ ആപത്ത്

ഒരിക്കൽ ഒരു വീട്ടിൽ ഒരു അച്ഛനും അമ്മയും ഒരു കുട്ടിയും ഉണ്ടായിരുന്നു. ആ വീട്ടിലെ അച്ഛൻ വളരെ മദ്യപാനിയായിരുന്നു. അമ്മ പാവപെട്ട വീട്ടിലെയും. വളരെ പാവവും ആയിരുന്നു. ആ കുട്ടിയുടെ പേര് അപ്പു. അപ്പു വളരെ പാവമായിരുന്നു. അച്ഛൻ എല്ലാ ദിവസവും മദ്യപിച്ചു വന്നിട്ട് അമ്മയെ എല്ലാ ദിവസവും തല്ലുമായിരുന്നു.
ഒരു ദിവസം അപ്പു സ്കൂൾ വിട്ട് വീട്ടിൽ വന്നപ്പോൾ അച്ഛൻ അമ്മയെ തല്ലുന്നതാണ് കാണുന്നത്. അപ്പു കരഞ്ഞു കൊണ്ട് അച്ഛന്റെ അടുത്തേക്ക് ചെന്ന് അമ്മയെ തല്ലല്ലേ അച്ഛാ.............അങ്ങനെ കുറെ പ്രാവശ്യം പറഞ്ഞു. എന്നിട്ടും അച്ഛൻ നിർത്തിയില്ല. അവസാനം ആ കുട്ടി അച്ഛനോട് പറഞ്ഞു. അമ്മയെ തല്ലുന്നത് നിർത്തിയില്ലെങ്കിൽ ഞാൻ ഈ വീട്ടിൽ നിന്ന് ഇറങ്ങി പോവുമെന്ന് അപ്പു അച്ഛനോട് പറഞ്ഞു. അപ്പോളാണ് അച്ഛൻ തല്ലുന്നത് നിർത്തിയത്. അപ്പു ആകട്ടെ വളരെ പാവവും നല്ല നിലയിൽ പഠിക്കുന്ന ഒരു കുട്ടിയായിരുന്നു. അപ്പു മലയാളത്തിൽ ഒരു കവിത എഴുതുന്നതിൽ പങ്കെടുത്തു. അതിന് അപ്പുവിന് സമ്മാനം കിട്ടി. ഫസ്റ്റ് പ്രൈസ്. അതും വാങ്ങിച്ചു അപ്പു വീട്ടിലേക്ക് ഓടി വരുകയായിരുന്നു. അപ്പോൾ വീട് എത്തിയപ്പോൾ അപ്പു ആകെ ഞെട്ടി. ആകെ വീട്ടിൽ നിറച്ചു ആളുകൾ. അപ്പു വീടിന്റെ അകത്തേക്ക് ഓടി ചെന്ന് നോക്കിയപ്പോൾ കാണുന്നത് അമ്മ മരിച്ചു  കിടക്കുന്നത്. അപ്പു ആ സമ്മാനം നിലത്തു ഇട്ട് അമ്മയുടെ അടുത്തേക്ക് കരഞ്ഞു കൊണ്ട് ഓടിച്ചെന്ന് അമ്മയെ ഉമ്മ വെച്ചു കരഞ്ഞുകരഞ്ഞു അപ്പു ആകെ തളർന്നു. അച്ഛനാണ് അമ്മയെ തല്ലി തല്ലി കൊന്നത് എന്ന് അപ്പു പറഞ്ഞു. പക്ഷെ അമ്മ ആത്മഹത്യ ചെയ്തതാണ്. എന്നിട്ട് അച്ഛന് വളരെ സങ്കടമായി. കാരണം അമ്മ അച്ഛന് എല്ലാം ചെയ്തു കൊടുക്കുമായിരുന്നു.
ഇപ്പോൾ അച്ഛനു ഭക്ഷണത്തിന് വളരെ ബുദ്ധിമുട്ടുകൾ വന്നു. അപ്പു അച്ഛനോട് ഒന്നും മിണ്ടിയില്ല. അച്ഛന് അമ്മ ഇല്ലാത്ത ബുദ്ധിമുട്ടുകൾ മനസ്സിലായി. അതോടെ അച്ഛൻ മദ്യപാനം നിർത്തി. അച്ഛനും മകനും അതിന് ശേഷം നല്ല സന്തോഷത്തോടെ ജീവിക്കാൻ തുടങ്ങി.

# കാത്തിരിപ്പ്

പുഴയോട് ചേർന്ന അതിമനോഹരമായ ഗ്രാമം. ആ ഗ്രാമത്തിലെ ഒരു കൊച്ചു വീട്ടിൽ ഒരമ്മയും മകനും താമസിച്ചിരുന്നു. നവർ വളരെ പാവപെട്ടവരായിരുന്നു. നിത്യവൃത്തിയ്ക്ക് വേണ്ടി അവർ ബുദ്ധിമുട്ടിയിരുന്നു.

പലപ്പോഴും ആ വീട്ടിൽ അടുപ്പ് പുകയറില്ല. അനു അതായിരുന്നു അവന്റെ പേര്. എന്നും അവൻ പുഴവക്കിൽ പോയിരിക്കും. അച്ഛൻ വരുന്നുണ്ടോ എന്ന നോക്കി. അവന്റെ അച്ഛൻ പണ്ടെങ്ങോ നാട് വിട്ട് പോയതാണ്. ഇപ്പോൾ എവിടെയാണ് എന്ന് ആർക്കും അറിയില്ല. അച്ഛൻ ജോലിക്കു പോയതാണ് എന്നാണ് 'അമ്മ അവനോട് പറഞ്ഞിരിക്കുന്നത്. ഒരു പ്രവേശനോത്സവ ദിനം. പുതിയ സ്കൂളിലേക്ക് പോവാൻ തയ്യാറെടുക്കുകയാണ്. അമ്മയോട് യാത്ര പറഞ്ഞു അവൻ സ് കൂളിലേക്ക് നടന്നു. ചെന്നപ്പോൾ തന്നെ അവൻ ക്ലാസ് കുപിടിച്ചു. പുതിയ സ്കൂൾ ആയതു കൊണ്ട് ചെറിയൊരു പേടി അവനുണ്ടായിരുന്നു. പുതിയ ടീച്ചർ വന്നു കുട്ടികളെ പരിചയപ്പെടാൻ തുടങ്ങി. അനുവിനോട് ടീച്ചർ അച്ഛന്റെ പേര് ചോദിച്ചു. അവനു പറയാൻ വാക്കുകൾ ഉണ്ടായിരുന്നില്ല. കാരണം അച്ഛന്റെ പേര് അമ്മ അവനോട് പറഞ്ഞു കൊടുത്തിട്ടുണ്ടായിരുന്നില്ല. എന്ത് പറയണമെന്നറിയാതെ അവൻ നിൽക്കുമ്പോൾ ആരോ ഉറക്കെ വിളിച്ചു പറഞ്ഞു, അവൻ അച്ഛനില്ലാത്തവനാ.......... അവനു കരച്ചിൽ അടക്കാൻ കഴിഞ്ഞില്ല.

കരഞ്ഞു കൊണ്ട് അവൻ വീട്ടിലേക്കോടി. കരഞ്ഞു കൊണ്ട് വരുന്ന മകനെ കണ്ട അമ്മ ചോദിച്ചു. എന്താ മോനെ? എന്ത് പറ്റി? എന്തിനാ നീ കരയുന്നത് ? കരഞ്ഞു കൊണ്ട് അവൻ പറഞ്ഞു, എന്നെ അവർ അച്ഛനില്ലാത്തവൻ എന്ന് വിളിച്ചു കളിയാക്കി.

മോൻ ഇതുകൊണ്ടൊന്നും തളരരുത്. നീ പഠിച്ചു വല്യ ആളായാൽ  ഇന്ന് നിന്നെ കളിയാക്കിയവർ നാളെ നിന്നെ അഭിനന്ദിക്കും. അമ്മ അവനെ മാറോടു ചേർത്ത് പിടിച്ചു പറഞ്ഞു. അമ്മയുടെ ഈ വാക്കുകൾ അവന്റെ മനസ്സിന് ശക്തി പകർന്നു. അവന് പഠിക്കാനുള്ള ആഗ്രഹം വർധിച്ചു. അതിനു ശേഷം കൂട്ടുകാർ പറയുന്നതൊന്നും അവൻ കേട്ടില്ല. അവന്റെ ആഗ്രഹം പേടിക്കണം എന്ന് മാത്രമായി. അവൻ പഠിച്ചു പഠിച്ചു വളർന്നു. അമ്മ പറഞ്ഞ പോലെ അവൻ വല്യ ഒരു നിലയിലെത്തി. അമ്മയുടെ വാക്കുകൾ അവൻ നിറവേറ്റി.

എന്നാൽ ഇപ്പോഴും അവൻ പുഴവക്കിൽ പോയി അച്ഛൻ വരുന്നുടോ എന്ന് നോക്കിയിരിക്കും. ആ കാത്തിരിപ്പിന് അവസാനമില്ല.

ADIL K N
VIII B

MOHAMMED SABITH V S
VIII A

# മനുവിന്റെ സ്വപ്നം

ഒരു കൊച്ചു ഗ്രാമത്തിൽ ഒരു ചെറിയ കുടിലിലാണ് മനു ജനിച്ചത്. അവന്റെ വീട്ടിൽ
അമ്മയും അച്ഛനുംഒരു കൊച്ചനുജനുമാണ് ഉണ്ടായിരുന്നത്.
അവൻ നാലാം ക്ലാസ്സിലാണ് പഠിച്ചിരുന്നത്. അവന്റെ കുടുംബം വളരെ സന്തോഷമായി
ജീവിക്കുകയായിരുന്നു. കളിയും ചിരിയും കൊച്ചു കൊച്ചു തമാശകളുമായി അങ്ങനെ ജീവിച്ചു.
മനുവിന്റെ ആഗ്രഹം ഒരു കളക്ടർ ആവണമെന്നായിരുന്നു. അവന് സ്കൂളിൽ പഠിക്കാനും
കളിക്കാനുമെല്ലാം വളരെ ഇഷ്ടമായിരുന്നു.
അവന് സ്കൂളിൽ ഒരു കൂട്ടുകാരിയും കൂട്ടുകാരനും ഉണ്ടായിരുന്നു.
അവർ മൂന്ന് പേരും പിരിയാനാവാത്ത കൂട്ടുകാരായിരുന്നു.
അങ്ങനെ അവന്റെ അനിയനെ സ്കൂളിൽ ചേർക്കുന്ന ദിവസം വന്നു. കൊച്ചനുജൻ ഏട്ടനോടൊപ്പം
സ്കൂളിൽ പോകുന്ന സന്തോഷത്തിലാണ്.
അങ്ങനെ കുറച്ച നാൾ കഴിഞ്ഞപ്പോൾ അവർ സ്കൂളിൽ പോകുന്ന നേരത്തു ആളുകൾ
ഇവിടെയുമായി വട്ടം കൂടി നിൽക്കുന്നത് കണ്ടു. അവർക്ക് ഒന്നും മനസ്സിലായില്ല. അവർ വീട്ടിൽ
നിന്നും റോഡിലേക്കിറങ്ങിയപ്പോൾ അവരുടെ ബന്ധുക്കൾ വരുന്നു. അവർ അവരുടെ അരികിലേക്ക്
ഓടി ചെന്നപ്പോൾ അവന്റെ അച്ഛന്റെ അനിയൻ അവനെ കെട്ടി പിടിച്ചു കരഞ്ഞു. പിന്നീട് അവരെയും
കൊണ്ട് വീട്ടിലേക്ക് നടന്നു. വീട്ടിൽ എത്തിയപ്പോൾ അവർ പറഞ്ഞു,
ഇന്ന് മക്കൾ സ്കൂളിൽ പോകണ്ട. കുറച്ചു കഴിഞ്ഞ ഒരു ആംബുലൻസിൽ അവന്റെ അച്ഛനെ
കൊണ്ടുവരുന്നു.
അത് കണ്ടപ്പോൾ അവർ ഓടിച്ചെന്നു അതാ നോക്കുമ്പോൾ അച്ഛൻ. അവർ പൊട്ടിക്കരഞ്ഞു. അമ്മ
തലകറങ്ങിവീണു. അപ്പോൾ അമ്മയെ വിളിച്ചുണർത്തി വെള്ളം കൊടുത്തു. അച്ഛനെ കൊണ്ട് പോകാൻ
പോയപ്പോൾ അമ്മ പൊട്ടിക്കരഞ്ഞു പറഞ്ഞു, കൊണ്ട് പോകല്ലേ എന്ന്. അപ്പോൾ അമ്മയെ ബന്ധുക്കൾ
പിടിച്ചു കൊണ്ട് പോയി റൂമോൾ കയറ്റി. അച്ഛനെ അവർ കൊണ്ട് പോയി.
അങ്ങനെ മനു വാശിയോടെ പഠിച്ചു ക്ലാസ്സിലൊക്കെ ഒന്നാമനായി. അമ്മ അവരെ പഠിപ്പിക്കാൻ വേണ്ടി
അടുക്കള പണിക്ക് പോയി അവനെ പഠിപ്പിച്ചു.
അവൻ പഠിച്ചു കലക്ടറായി. അമ്മയെയും അനുജനെയും നന്നായി നോക്കി.
അവന്റെ സ്വപ്നം അങ്ങനെ കൃതാർഥമായി. അവരുടെ പഴയ സന്തോഷം തിരിച്ചു വന്നു.

# കൊട്ടാരത്തിലെ രാജകുമാരി

പണ്ട് പണ്ട് ഒരു വലിയ കാടിന് അക്കരെ ഒരു വലിയ കൊട്ടാരം ഉണ്ടായിരുന്നു. ആ കൊട്ടാരത്തിൽ ഒരു പാവം രാജകുമാരൻ ഉണ്ടായിരുന്നു.ആ രാജാവിന്റെ പേരാണ് നസറുദ്ദീൻ. അങ്ങനെ ഇരിക്കെ നസറുദ്ദീൻ രാജാവിന് കല്യാണ പ്രായമായി. അങ്ങനെ നസറുദ്ദീൻ രാജാവ് മന്ത്രിമാരെ വിളിച്ച കൂട്ടി എന്നിട്ട് പറഞ്ഞു, മന്ത്രിമാരെ നിങ്ങളിൽ നിന്ന് ആരെങ്കിലും എനിക്ക് നല്ല സുന്ദരിയായ  ഒരു രാജകുമാരിയെ കണ്ടെത്തണം. അങ്ങനെ പറഞ്ഞു അവർ സഭ പിരിച്ചു വിട്ടു. രണ്ടാം ദിവസം നേരം പുലർന്നു. മന്ത്രിമാർ എല്ലാവരും എത്തി. ആർക്കും ഒരു രാജകുമാരിയെ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് രാജാവിനോട് പറഞ്ഞു. രാജാവ് ദേഷ്യത്തോടെ അകത്തേക്ക് കയറിപ്പോയി. അങ്ങനെ രാത്രി വിഷമത്തോടെ കിടക്കുമ്പോൾ രാജാവ് അറിയാതെ ഉറങ്ങിപ്പോയി. അപ്പോൾ ഒരു സ്വപ്നം കണ്ടു. കാടും മലയും പുഴയും കടന്ന് ഒരു ഗാനം രാജാവ് കണ്ടു. അത് പാടുന്നത് ഒരു സുന്ദരിയായ ഒരു സ്ത്രീയാണ്. രാജാവ് ഞെട്ടി ഉണർന്നു. എന്നിട്ട് നേരം പുലരാൻ വേണ്ടി കാത്തു നിന്നു. നേരം പുലർന്നു. രാജാവ് വേഗം മന്ത്രിമാരെ വിളിച്ചു കൂട്ടി. അവരുടെ കൂട്ടത്തിൽ കാമിൽ എന്ന അടിമയും ഉണ്ടായിരുന്നു. അങ്ങനെ രാജാവ് കണ്ട കാഴ്ച മന്ത്രിമാർക്ക് പറഞ്ഞു കൊടുത്തു. എന്നിട്ട് അവരോട് പറഞ്ഞു, അവളെ കണ്ടുപിടിക്കുന്നവർക്ക്  എന്റെ ഖജനാവിൽ നിന്ന് ഒരുപാട് ആഭരണങ്ങൾ തരാം. അങ്ങനെ പറഞ്ഞപ്പോൾ കാമിലിന് ഒരു മോഹം തോന്നി. കാമിൽ വേഗം പോയി രാജാവിനോട് ചോദിച്ചു, ഞാനും ആ സുന്ദരിയെ അന്വേഷിക്കാൻ പോവട്ടെ. രാജാവ് പറഞ്ഞു, പോയിക്കൊള്ളൂ. കാമിൽ അങ്ങനെ രാജാവ് പറഞ്ഞത് അനുസരിച്ച അവൻ കാടും മലയും പുഴയും താണ്ടി അക്കരെ എത്തി. ആർക്കും കണ്ടെത്താൻ കഴിഞ്ഞില്ല. അങ്ങനെ ഇരിക്കെ രാത്രി കാമിൽ ഉറങ്ങാൻ കിടക്കുമ്പോൾ ഒരു മനോഹരമായ ഗാനം കേട്ടു. കാമിൽ അപ്പോൾ ആലോചിച്ചു, ഇതായിരിക്കും രാജാവ് കണ്ട ഗാനം എന്ന്. ആ ഗാനം കേൾക്കുന്ന വശത്തേയ്ക്ക് പോയി. അവിടെ കണ്ട കാഴ്ച അത്ഭുതമായിരുന്നു. കാമിൽ വേഗം പോയി രാജാവിന് ദൂദ് അയച്ചു.അതിൽ എഴുതിയിരുന്നത് ആ സ്ത്രീ ഒരു പാവപെട്ട വീട്ടിലെ സ്ത്രീയാണ്. അവൾക്ക് ഒരു ഉപ്പ മാത്രം ഉള്ളൂ. ആ ഉപ്പാനെ ഉറക്കാൻ വേണ്ടിയാണ് അവൾ പാട്ടു പാടുന്നത്. എന്നായിരുന്നു ആ കത്തിന്റെ ഉള്ളടക്കം. അങ്ങനെ രാജാവ് കാമിലിന് ദൂദ് അയച്ചു കൊടുത്തു. അതിൽ രാജാവ് പറയുന്നത്, നീ അവളെ കൊട്ടാരത്തിലേക്ക് കൊണ്ട് വരൂ.എന്നിട്ട് കാമിൽ അവിടെ ചെന്ന് കാര്യം പറഞ്ഞു. അവളെ കൊട്ടാരത്തിലേക്ക് കൊണ്ട് വന്നു. ഒപ്പം അവളുടെ ഉപ്പാനെയും

അവർ കൊട്ടാരത്തിലേക്ക് എത്തിച്ചപ്പോൾ നസറുദ്ദീൻ രാജാവിന് സന്തോഷമായി. നസറുദ്ദീൻ രാജാവ് കാമിലിനോട് പറഞ്ഞു, നിനക്ക് വേണ്ടത് നീ ഈ കൊട്ടാരത്തിൽ നിന്ന് എടുത്തോളൂ. കാമിൽ പറഞ്ഞു, എനിക്ക് ഒന്നും വേണ്ട എന്ന് പറഞ്ഞു. എന്നിട്ട് രാജാവിനോട് പറഞ്ഞു, ഇത്രയും സമ്പത്ത് ഉണ്ടായിട്ടും എത്ര ചെറിയ വീട്ടിൽ നിന്നാണ് രാജാവ് കല്യാണം കഴിച്ചത്. അത്രയ്ക്ക് നല്ല മനസ്സാണ് രാജാവിന്റെ. അങ്ങനെയുള്ള രാജാവിന്റെ കയ്യിൽ നിന്ന് എനിക്ക് ഒന്നും വേണ്ട എന്ന് പറഞ്ഞു. അപ്പോൾ നസറുദ്ദീൻ രാജാവ് പറഞ്ഞു, നീയാണ് യഥാർത്ഥ അടിമ എന്ന് പറഞ്ഞു കൊണ്ട് രാജാവ് അയാളെ മന്ത്രി തലവനാക്കി. എന്നിട്ട് നസറുദ്ദീൻ രാജാവ് അവളെ വിവാഹം കഴിച്ചു. അങ്ങനെ വർഷങ്ങൾ കടന്നു പോയി. രാജാവിന് ഒരു കുഞ്ഞുണ്ടായി. ആ കുഞ്ഞിന്റെ പേരാണ് മിസ്ഹബ്. അങ്ങനെ രാജാവിന്റെ ജീവിതം സന്തോഷമായി തുടർന്ന് പോയി.

MOHAMMED SINAN K K
VIII F



# ART GALLERY


Hanzeed KA




ARTS OF OUR STARS
Art BY ADHIL





















# പ്രതിദകളെ ആദരിക്കൽ















NEW BUILDING INAUGURATION & STATE LEVEL PASSWORD INAUGURATION


ശാസ്ത്ര രംഗം
പ്രദർശനം
സ്വാഗതം
VIII G




GOEMETRICAL PATTERN




NUMBER CHART




welcome


GOEMETRICAL PATTERN





NUMERIC PATTERNS


























സുവർണ്ണ ജൂബിലി സ്മാരകം
സീതി സാഹിബ് മെമ്മോറിയൽ ഹൈസ്ക്കൂൾ അഴീക്കോട് P.O
ESTD 1962

# നന്ദി

AS PER GREEN PROTOCOL NO PAPER WASTED IN THE MAKING OF THIS MAGAZINE